I/80312/2022

"ഭരണഭാഷ മാതൃഭാഷ"

TCPKLM/590/2022-C

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്,
ജില്ലാ ടൗൺ പ്ലാനറുടെ കാര്യാലയം,
ജില്ലാ ആസൂത്രണ സമിതി മന്ദിരം, മൂന്നാം നില,
കളക്ടേറ്റിന് സമീപം, കൊല്ലം
കച്ചേരി.പി.ഒ.,കൊല്ലം-691013,
തീയതി:27-12-2022
ഫോൺ നമ്പർ.0474-2742062,
Email.tpklm.lsgdplng@kerala.gov.in

**ടൗൺ പ്ലാനർ**
കൊല്ലം.

ശ്രീമതി.ദേവി ചന്ദ്രൻ,
സുകൃതി,
തേവള്ളി, കൊല്ലം

സർ,

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കൊല്ലം - കൊല്ലം കോർപ്പറേഷൻ - ശ്രീമതി.ദേവി ചന്ദ്രൻ - ലേ- ഔട്ട് അപ്പ്രൂവൽ ലഭ്യമാകുന്നത് - സംബന്ധിച്ച്.

സൂചന: താങ്കളുടെ 29/11/2022-ലെ അപേക്ഷ.

മേൽ സൂചന പ്രകാരം കൊല്ലം ജില്ലയിൽ, കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ സർവ്വേ നമ്പർ 35/2, 35/3 ൽ പ്പെട്ട 627 $M^2$ വിസ്തൃതിയുള്ള സ്ഥലത്ത് 1420.90 ച മീ വിസ്തൃതിയിൽ (A2) ഗണത്തിൽപ്പെടുന്ന ലോഡ്ജിങ് ഹൗസ് നിർമ്മിക്കുന്നതിന് വേണ്ടി ശ്രീമതി ദേവിചന്ദ്രൻ, സുകൃതി, തേവള്ളി, കൊല്ലം സമർപ്പിച്ച അപേക്ഷയിൽ താഴെ പറയുന്ന നിബന്ധനകളോടെ കൺകറൻസ് നൽകുന്നു.

<u>നിബന്ധനകൾ:</u>

1. KMBR 2019 ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്നും സെക്രട്ടറി ഉറപ്പാക്കണം.

2. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നും 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. അഗ്നി സുരക്ഷ ഗോവണി ചട്ടം 35 (2) പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും പാലിക്കുന്ന വിധത്തിൽ ക്രമീകരിച്ചുകൊണ്ടുള്ള പ്ലാൻ അപേക്ഷകൻ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും ടി പ്ലാൻ ചട്ടം പാലിക്കുന്നതാണെന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുകയും ചെയ്താൽ മാത്രമേ പെർമിറ്റ് നൽകാവൂ.
4. ചട്ടം അനുസരിച്ച ആവശ്യമായ പാർക്കിങ് (വാഹനങ്ങൾ തിരിക്കാനും മറ്റും ആവശ്യമായ സ്ഥലം ഉൾപ്പെടെ) പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ടി പാർക്കിംഗ് സാധ്യമാക്കുന്നതിനായി പ്ലോട്ടിന്റെ വടക്ക്, കിഴക്ക്, പടിഞ്ഞാറു വശത്ത്, റോഡിനോടു ചേർന്നുള്ള അതിർത്തികൾ മതിൽ നിർമ്മിക്കാതെ തുറന്നായി നിലനിർത്തിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
5. നിർദിഷ്ട നിർമ്മാണം KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

വിശ്വസ്തതയോടെ,

ഉള്ളടക്കം:- അംഗീകരിച്ച പ്ലാൻ

Signed by
Shary M V
TOWN PLANNER
Date: 27-12-2022 14:06:33

പകർപ്പ്:-

സെക്രട്ടറി
കൊല്ലം കോർപ്പറേഷൻ